HED
11/1/22....
24/12/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.345(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*6896/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. മുഹമ്മദ് ഷാനവാസ് എ.,<br>ആലങ്ങാടൻ വീട്,<br>പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിനു സമീപം,<br>അങ്ങാടിപ്പുറം, മലപ്പുറം | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>എ.എം.എച്ച്.എസ്. വേങ്ങൂർ,<br>വേങ്ങൂർ പി.ഒ., മേലാറ്റൂർ,<br>പെരിന്തൽമണ്ണ, മലപ്പുറം-679325 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 01.07.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 01.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.08.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 09.09.2021 |
| ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. മുഹമ്മദ് ഷാനവാസ് എ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും ടിയാൻ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാനും എതിർകക്ഷിക്കെതിരെ പിഴ ഈടാക്കണമെന്നുമാണ്.

2. ഹർജിക്കാരൻ 09.02.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് എ.എം.എച്ച്.എസ്. സ്കൂളിൽ വിദ്യാർത്ഥികളെ കൗൺസിലിംഗ് നടത്തുന്നതിന് വേണ്ടി കൗൺസിലറെ നിയമിച്ചിട്ടുണ്ടോ എന്നും, നിയമിച്ചിട്ടുണ്ടെങ്കിൽ ഏത് തീയതി മുതൽ എന്നും നിയമിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്നും ടി സ്കൂളിൽ ഇതുവരെ ചൈൽഡ് ലൈൻ വിദ്യാർത്ഥികളെ കൗൺസിലിംഗ് നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രതവണ നടത്തി എന്നും ഏതെല്ലാം തീയതികളിൽ നടത്തി എന്നും മറ്റുമായി 5 പ്രധാന ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ് ഹർജികക്ഷി പ്രസ്താവിച്ചത്. എന്നാൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം 17.02.2021 ൽ എതിർകക്ഷി ഹർജികക്ഷിക്ക് ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് ഹാജരാക്കിയതായി കാണുന്നു.

RIGHT TO INFORMATION

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ 12.02.2021 ൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായി എന്നും ആയതിനുള്ള മറുപടി ടിയാന് 17.02.2021 ൽ നൽകിയിട്ടുള്ളതാണെന്നുമാണ്

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 09.02.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 17.02.2021 ൽ മറുപടി ലഭ്യമാക്കിയതായി എതിർകക്ഷി കമ്മീഷൻ മുമ്പാകെ 09.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം ഹാജരാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ അപ്രകാരം ഹാജരാക്കിയ രേഖകളിൽ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ്, സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പ് പോസ്റ്റൽ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയതായി കാണുന്നില്ല. മാത്രമല്ല ടി മറുപടി അപൂർണ്ണമാണെന്നു കമ്മീഷന് ബോധ്യമാകുന്നു. ഹിയറിംഗിൽ പങ്കെടുത്ത ഹർജികക്ഷി ടിയാന് യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നാണ് മൊഴി നൽകിയത്. വിവരാവകാശ അപേക്ഷകൾക്ക് മറുപടി ലഭ്യമാക്കുമ്പോൾ വ്യക്തത വരുത്തക്കവിധം മറുപടി നൽകേണ്ടതാണ്. "ബാധകമല്ല" എന്ന മറുപടി ഒന്നിൽ കൂടുതൽ തവണ നൽകിയതായി കാണുന്നു. എന്നാൽ എന്തുകൊണ്ട് ബാധകമല്ല എന്ന രീതിയിൽ കാരണങ്ങൾ കാണിച്ചുകൊണ്ടു തന്നെ മറുപടി ലഭ്യമാക്കേണ്ടതായിരുന്നു. വിവരാവകാശ നിയമപ്രകാരം 30 ദിവസത്തിനകം നൽകേണ്ട മറുപടി നൽകിയതായിട്ടുള്ള എതിർകക്ഷിയുടെ വാദം അംഗീകരിക്കുവാൻ കഴിയുന്ന തരത്തിലുള്ള തെളിവുകൾ ഒന്നും ഹാജരക്കിയിട്ടുമില്ല എന്നു മാത്രമല്ല 17.02.2021 തീയതി വച്ച് 09.09.2021 ൽ

കമ്മീഷന് ഹാജരാക്കിയ റിപ്പോർട്ടിനോടൊപ്പം നൽകിയ മറുപടി ഒരു തട്ടിക്കൂട്ട് മറുപടി ആയിട്ടാണ് കമ്മീഷന് ബോധ്യമാകുന്നത്. ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യങ്ങൾക്ക് പൂർണ്ണമായും മനസ്സിലാക്കുന്ന രീതിയിലും, കുറച്ചുകൂടി വ്യക്തമായും ഉള്ള മറുപടി എതിർകക്ഷി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകി വിവരം കമ്മീഷനെ അറിയിക്കേണ്ടതാണ്. വിവരാവകാശ നിയമത്തിന്റെ അന്തസത്ത ഉൾക്കാള്ളാതെ തികച്ചും അശ്രദ്ധമായും ജാഗ്രതയില്ലാതേയും പ്രവർത്തിച്ച എതിർകക്ഷിയുടെ പ്രവൃത്തി ഒരു തരത്തിലും അംഗീകരിക്കത്തക്കതല്ല. ഇപ്രകാരം പ്രവർത്തിച്ച എതിർകക്ഷി ടിയാന്റെ വിശദീകരണം ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം കമ്മീഷന് നൽകേണ്ടതാണെന്ന് ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

RIGHT TO INFORMATION